# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3130** | **20-06-2014 ൽ മറുപടിയ്ക്ക്**

## പാലക്കാട് ജില്ലയിലെ നെൽകൃഷി വിസ്തീർണ്ണം

**ചോദ്യം**

ശ്രീ.എം.ചന്ദ്രൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) പാലക്കാട് ജില്ലയിൽ ഇപ്പോഴത്തെ നെൽ കൃഷി വിസ്തീർണ്ണം എത്രയെന്നു വ്യക്തമാക്കുമോ;

(എ) 2013-14 ലെ കണക്കനുസരിച്ച് പാലക്കാട് ജില്ലയിലെ നെൽകൃഷി വിസ്തീർണ്ണം 92350 ഹെക്ടറാണ്.

(ബി) കഴിഞ്ഞ മൂന്നു വർഷമായി താരതമ്യം ചെയ്യുമ്പോൾ വിസ്തീർണ്ണത്തിൽ വന്നിട്ടുള്ള കുറവ് എത്രയാണ്;

(ബി) നെൽകൃഷി വിസ്തീർണ്ണത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | കൃഷി ചെയ്ത വിസ്തീർണ്ണം | കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവ് |
|---|---|---|
| 2011-12 | 106817 ഹെക്ടർ | 3583 ഹെക്ടർ |
| 2012-13 | 93550 ഹെക്ടർ | 13267 ഹെക്ടർ |
| 2013-14 | 92350 ഹെക്ടർ | 1200 ഹെക്ടർ |

(സി) ഈ കുറവ് നെല്ലുൽപ്പാദനത്തെ ബാധിച്ചിട്ടുണ്ടോ;

(സി) ഇല്ല. നാഷണൽ ഫുഡ് സെക്യൂരിറ്റി സ്കീം, സുസ്ഥിര നെൽകൃഷി വികസന പദ്ധതി എന്നിവ നടപ്പിലാക്കിയത് മൂലം കഴിഞ്ഞ രണ്ട് വർഷങ്ങളെ അപേക്ഷിച്ച് 2013-14 ൽ ഉല്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

(ഡി) വിസ്തീർണ്ണത്തിൽ വന്നിട്ടുള്ള കുറവ് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഈ കുറവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജല ലഭ്യത കുറവു മൂലം നെൽകൃഷി ചെയ്യാൻ സാധിക്കാതെ വന്ന കൃഷിയിടങ്ങളിൽ ഹ്രസ്വകാല വിളകൾ കൃഷി ചെയ്യുന്നുണ്ട്. കൂടാതെ തൊഴിലാളികളുടെ കുറഞ്ഞ ലഭ്യതയും രണ്ടാം വിളയ്ക്ക് ആവശ്യമായത്രയും വെള്ളം ജലസംഭരണികളിൽ നിന്നും ലഭിക്കാത്തതും കൃഷിയുടെ വിസ്തീർണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | നിലവിലുള്ള നെൽകൃഷി വിസ്തീർണ്ണം സംരക്ഷിക്കുന്ന തിന് സമഗ്ര പാക്കേജ് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജനാ തുടങ്ങിയവയിലൂടെ നെൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. ഇതിനും പുറമെ നെൽകൃഷി വികസനത്തിനായി സംസ്ഥാന കൃഷിവകുപ്പ് സുസ്ഥിര നെൽകൃഷി വികസന പദ്ധതി, നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം, പ്രത്യേക നെല്ലിനങ്ങളുടെ പ്രോത്സാഹനം, പാടശേഖര ങ്ങളുടെ പ്രവർത്തന ചെലവിനുള്ള ധനസഹായം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ